## സ്റ്റേറ്റ് റിസോഴ്സ് സെന്റർ, കേരളം
## എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ്
# സർട്ടിഫിക്കറ്റ് ഇൻ ലൈറ്റ് മ്യൂസിക് (CLM)
### 2025 ജൂലൈ സെഷൻ

### പ്രവേശന പത്രിക

സ്റ്റേറ്റ് റിസോഴ്സ് സെന്റർ കേരളയുടെ ആഭിമുഖ്യത്തിലുള്ള എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് 2025 ജൂലൈ സെഷനിലെ **സർട്ടിഫിക്കറ്റ് ഇൻ ലൈറ്റ് മ്യൂസിക്** (CLM) പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു. എം.ജി മ്യൂസിക് അക്കാദമി പഠന കേന്ദ്രങ്ങൾ വഴിയാണ് പ്രസ്തുത പ്രോഗ്രാം നടത്തുന്നത്. ആറുമാസമാണ് പ്രോഗ്രാമിന്റെ കാലാവധി. പ്രോഗ്രാമിന്റെ ഉള്ളടക്കത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. LM001 : ഭാരതീയ സംഗീതം അടിസ്ഥാന പ്രമാണങ്ങളും ശൈലികളും
2. LM002 : ലളിത സംഗീതം - ഉത്ഭവവും വികാസവും
3. LM003 : ആലാപനം അടിസ്ഥാന തത്വങ്ങൾ
4. LM004 : പ്രാക്ടിക്കൽ (Practical)
5. LM005 : പ്രോജെക്ട് (Project)

ആഴ്ചയിൽ രണ്ടു ദിവസം ഓരോ മണിക്കൂർ വീതമുള്ള ക്ലാസ്, രണ്ടു ആഴ്ചയിൽ ഒരിക്കൽ ഒരു മണിക്കൂർ വിദഗ്ധരുടെ ക്ലാസ്, ഓരോ വിഷയത്തിലും തയ്യാറാക്കിയിട്ടുള്ള സ്വയം പഠന സഹായികൾ, പ്രോജെക്ട് ഗൈഡ് എന്നീ മാർഗ്ഗങ്ങളിലൂടെയാണ് സർട്ടിഫിക്കറ്റ് ഇൻ ലൈറ്റ് മ്യൂസിക് പ്രോഗ്രാമിന്റെ പഠനം പുരോഗമിക്കുന്നത്. എഴുത്തു പരീക്ഷകൾ, അസൈൻമെന്റുകൾ, പ്രോജെക്ട്, പ്രാക്ടിക്കൽ പരീക്ഷകൾ എന്നീ മാർഗ്ഗങ്ങളിലൂടെയാണ് പ്രോഗ്രാമിന്റെ മൂല്യ നിർണ്ണയം. പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കുന്നതിന് 80% ഹാജർ ഉറപ്പുവരുത്തണം. പ്രോഗ്രാമിന് അപേക്ഷിക്കുന്നതിനുള്ള കുറഞ്ഞ പ്രായം 17 വയസ്സാണ്. ഉയർന്ന പ്രായപരിധി ബാധകമല്ല. സർട്ടിഫിക്കറ്റ് പ്രോഗ്രാമിന് അപേക്ഷിക്കുന്നതിനുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത പത്താം ക്ലാസ്സ് പാസ്സ് അഥവാ തത്തുല്യമാണ്.

ആറുമാസം ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് പ്രോഗ്രാമിന്റെ ഫീസ് 18,000/- രൂപയാണ്. മൂന്ന് തവണയായി ഫീസ് അടക്കുന്നതിന് സൗകര്യമുണ്ട്. അപേക്ഷ ഫീസിനത്തിൽ 200/- രൂപ കൂടി ചേർത്ത് ആദ്യതവണ ഫീസ് അടയ്ക്കണം. ശനി, ഞായർ, പൊതുഅവധി ദിവസങ്ങളിലാണ് ക്ലാസുകൾ സംഘടിപ്പിക്കുന്നത്.

മൂന്ന് ഗഡുക്കളായി അടയ്ക്കേണ്ട തുകയുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ഗഡു | അടയ്ക്കേണ്ട തുക | അടയ്ക്കേണ്ട തീയതി |
|---|---|---|---|
| 1. | ഒന്നാം ഗഡു | 6,200/- | അഭിരുചി പരീക്ഷ പാസ്സായതിനു ശേഷം |
| 2. | രണ്ടാം ഗഡു | 6,000/- | 2025 സെപ്തംബർ 31 ന് മുൻപ് |
| 3. | മൂന്നാം ഗഡു | 6,000/- | 2025 ഡിസംബർ 31 ന് മുൻപ് |

ഓൺലൈനിൽ നടത്തപ്പെടുന്ന അഭിരുചി പരീക്ഷയിൽ വിജയിക്കുന്നവരെയാണ് ലൈറ്റ് മ്യൂസിക് പ്രോഗ്രാമിന്റെ പഠിതാക്കളായി തിരഞ്ഞെടുക്കുന്നത്. പഠിതാക്കളായി തിരഞ്ഞെടുക്കപ്പെടുന്ന പക്ഷം മാത്രം പ്രോഗ്രാം ഫീസിനത്തിലുള്ള തുക ഒടുക്കി പ്രവേശനം നേടിയാൽ മതിയാകും. പാടാനുള്ള കഴിവാണ് അഭിരുചി പരീക്ഷയിൽ പരിശോധിക്കപ്പെടുന്നത്.

https://app.srccc.in/register എന്ന ലിങ്കിലൂടെ ആപ്ലിക്കേഷൻ ഓൺലൈനായി മാത്രം സമർപ്പിക്കുക. അപേക്ഷയോടൊപ്പം ഫോട്ടോ, ആധാർ കാർഡ്, നിശ്ചിത വിദ്യാഭ്യാസ യോഗ്യതയുടെ സർട്ടിഫിക്കറ്റ് എന്നിവ മാത്രം അപ്‌ലോഡ് ചെയ്യേണ്ടതാണ്. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി 2025 ജൂൺ 30. വിശദവിവരങ്ങൾക്ക് ബന്ധപ്പെടേണ്ട വിലാസം ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, കേരളം, നന്ദാവനം, വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം-33. ഫോൺ നം: 04712325101, 8281114464.

| List of Study Centres<br>Certificate in Light Music (CLM) | | |
|---|---|---|
| 1 | Thiruvananthapuram | എം.ജി മ്യൂസിക് അക്കാദമി<br>ഗ്രീൻ പാർക്ക് വില്ല, ജഗതി,<br>തിരുവനന്തപുരം 685014<br>ഫോൺ നം: 9072588860 |
| 2 | Ernakulam | എം.ജി മ്യൂസിക് അക്കാദമി<br>ബോൾഗാട്ടി വാട്ടർ മെട്രോ ബിൽഡിംഗ്,<br>മുളവുകാട്. പി.ഓ കൊച്ചിൻ 682504<br>ഫോൺ നം: 0484 2750000, 9544444658 |

**ഡയറക്ടർ**